ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 27.05.2026** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. ജനസംഖ്യാപരമായ മാറ്റങ്ങൾ രാജ്യത്തിന് വെല്ലുവിളിയുയർത്തുമെന്ന് കേന്ദ്രആഭ്യന്തര മന്ത്രി അമിത്ഷാ. 'അസ്വാഭാവികമായ ജനസംഖ്യാ വ്യതിയാനം' പഠിക്കാൻ ഉന്നത തല സമിതിയെ നിയോഗിച്ച് കേന്ദ്ര സർക്കാർ

   **Demographic changes will pose a challenge to the nation, says Union Home Minister Amit Shah. The Union government has appointed a high-level committee to study the demographic changes.**

2. തീവ്ര വോട്ടർപ്പട്ടിക പരിഷ്കരണത്തെ ചോദ്യം ചെയ്യുള്ള ഹർജികളിൽ സുപ്രീംകോടതി ഇന്ന് വിധിപറയും. വിധിപ്രസ്താവിക്കുക ചീഫ് ജസ്റ്റിസ് സൂര്യകാന്ത് അധ്യക്ഷനായ ബെഞ്ച്

   **Supreme Court bench headed by Chief Justice Suryakant to Deliver Verdict Today on Pleas Challenging SIR.**

3. ഉത്തരക്കടലാസുകളുടെ മൂല്യനിർണ്ണയത്തിനായി ഉപയോഗിക്കുന്ന ഓൺ സ്ക്രീൻ മാർക്കിംഗ് സംവിധാനത്തിൽ പിഴവുകൾ സംഭവിച്ചിട്ടില്ലെന്ന് CBSE;

പോർട്ടലിലെ സുരക്ഷാ സംവിധാനങ്ങൾ കാര്യക്ഷമമെന്നും ബോർഡ്.

CBSE Rules Out Errors in Onscreen Evaluation System; Says there were no errors in the on-screen marking system used for the evaluation of answer sheets;

4. മുഖ്യമന്ത്രി വി ഡി സതീശൻ ഇന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായുമായി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തും.

Chief Minister VD Satheesan will meet Union Home Minister Amit Shah in New Delhi today.

5. കേരളത്തിൽ കാലവർഷം ഒന്നോ രണ്ടോ ദിവസം കൂടി വൈകാൻ സാധ്യതയെന്ന് കാലാവസ്ഥാ വകുപ്പ്; കേരള തമിഴ്നാട് തീരങ്ങളിൽ ഇന്ന് മത്സ്യബന്ധനത്തിന് വിലക്ക്

The Meteorological Department says that the monsoon is likely to be delayed by one or two more days in Kerala; Fishing banned on the Kerala Tamil Nadu coasts today

6. ഐപിഎൽ ഒന്നാം ക്വാളിഫയറിൽ ഗുജറാത്ത് ടൈറ്റൻസിനെ പരാജയപ്പെടുത്തി റോയൽ ചലഞ്ചേഴ്സ് ബംഗളൂരു ഫൈനലിൽ.

Royal Challengers Bangalore defeat Gujarat Titans in the IPL Qualifier and enter the final.

❁❁❁❁❁❁❁❁❁❁❁❁❁

## COMMITTEE DEMOGRAPHIC CHANGE(INTRO)

അനധികൃത കുടിയേറ്റം ഉൾപ്പെടെയുള്ള കാരണങ്ങളാലുണ്ടാകുന്ന ജനസംഖ്യാപരമായ

മാറ്റങ്ങൾ രാജ്യത്തിന്റെയും വർത്തമാനകാലത്തിനും ഭാവിക്കും വെല്ലുവിളിയുയർത്തുമെന്ന് കേന്ദ്രആഭ്യന്തര മന്ത്രി അമിത്ഷാ. മത-സാമൂഹിക വിഭാഗ ങ്ങൾക്കിടയിലുള്ള 'അസ്വാഭാവിക മായ ജനസംഖ്യാ വ്യതിയാനം' ഉന്നത സമിതി വിലയിരുത്തുമെന്നും അദ്ദേഹം വ്യക്തമാക്കി.

വിശദാംശങ്ങളിലേക്ക്........

(വോയിസ്)

❁❁❁❁❁❁❁❁❁❁❁❁❁

**COMMITTEE DEMOGRAPHIC CHANGE(VOICE)**

ജനനനിരക്കിലെ വ്യത്യാസങ്ങൾ, അതിർത്തി കടന്നുള്ള സഞ്ചാരം, സാമ്പത്തിക അവസരങ്ങൾ, മറ്റ് സാമൂഹിക-പാരിസ്ഥിതിക ഘടകങ്ങൾ എന്നിവയുൾപ്പെടെ ജനസംഖ്യാ മാറ്റങ്ങളുടെ കാരണങ്ങൾ പഠിക്കാൻ മുൻ സുപ്രീംകോടതി ജഡ്ജി ജസ്റ്റിസ് പ്രകാശ് പ്രഭാകർ നൗലേക്കർ അധ്യക്ഷനായ അഞ്ചംഗ സമിതിയെ കേന്ദ്ര സർക്കാർ നിയോഗിച്ചു. അനധികൃത കുടിയേറ്റക്കാരെ കണ്ടെത്താനും തടവിൽ വയ്ക്കാനും നാടുകടത്താനുമുള്ള പ്രവർത്തന സംവിധാനം സമിതി ശുപാർശ ചെയ്യും. കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിലെ ജോയിന്റ് സെക്രട്ടറിയായിരിക്കും അഞ്ചംഗ സമിതിയെ നയിക്കുക. കഴിഞ്ഞ സ്വാതന്ത്ര്യദിനത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി പ്രഖ്യാപിച്ച ജനസംഖ്യാ ദൗത്യത്തിൻറെ തുടർച്ചയാണിത്.

(പ്രധാനമന്ത്രി ബൈറ്റ്)

ദേശ സുരക്ഷ, ക്രമസമാധാനം, ജനസംഖ്യാപരമായ മാറ്റങ്ങൾ, ഗോത്രവർഗ്ഗ സംരക്ഷണം എന്നിവ വിലയിരുത്തി, സമിതി കൃത്യമായ പരിഹാരമാർഗ്ഗങ്ങൾ സമർപ്പിക്കുമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ അറിയിച്ചു.

ന്യൂസ്ഡസ്ക് ആകാശവാണി.....

❁❁❁❁❁❁❁❁❁❁❁❁❁

**SIR-SC**

തീവ്ര വോട്ടർപ്പട്ടിക പരിഷ്കരണത്തെ ചോദ്യം ചെയ്തുകൊണ്ടുള്ള ഹർജികളിൽ സുപ്രീംകോടതി ഇന്ന് വിധിപറയും. ചീഫ് ജസ്റ്റിസ് സൂര്യകാന്ത് അധ്യക്ഷനായ ബെ ഞ്ചാണ് വിധിപ്രസ്താവിക്കുന്നത്.2002-ലെ വോട്ടർപട്ടികയിൽ പേരില്ലാത്തവർ അക്കാലത്തെ പട്ടികയിലുള്ളവരുമായി തങ്ങൾക്കുള്ള പൂർവികബന്ധം തെളിയിക്കണമെന്ന തിരഞ്ഞെടുപ്പ് കമ്മിഷന്റെ നിബന്ധനയിന്മേലാണ് പ്രധാനമായും വാദം നടന്നത്. ആധാറോ തിരഞ്ഞെടുപ്പ് കാർഡോ പൗരത്വത്തിൻ്റെ അന്തിമതെളിവായി സ്വീകരിക്കാൻ കഴിയില്ലെന്നായിരുന്നു കമ്മിഷൻ്റെ നിലപാട്. ബിഹാറിൽ SIR നടത്താൻ കമ്മീഷൻ തീരുമാനിച്ചതിന് പിന്നാലെ കഴിഞ്ഞ വർഷം ജൂണിലാണ് മിക്ക ഹർജികളും സമർപ്പിച്ചത്.

❁❁❁❁❁❁❁❁❁❁❁❁❁

**CBSE**

ഉത്തരക്കടലാസുകളുടെ മൂല്യനിർണ്ണയത്തിനായി ഉപയോഗിക്കുന്ന ഓൺ സ്ക്രീൻ മാർക്കിംഗ് സംവിധാനത്തിൽ പിഴവുകൾ സംഭവിച്ചിട്ടില്ലെന്ന് CBSE. പോർട്ടലിലെ സുരക്ഷാ സംവിധാനങ്ങൾ സുതാര്യവും കാര്യക്ഷമവുമാണെന്നും ബോർഡ് അറിയിച്ചു. യഥാർത്ഥ മൂല്യനിർണ്ണയ പ്രവർത്തനങ്ങൾക്കായി വിന്യസിച്ചിരിക്കുന്ന പോർട്ടലിൽ സുരക്ഷാ ലംഘനങ്ങളൊന്നും കണ്ടെത്തിയിട്ടില്ലെന്ന് സിബിഎസ്ഇ വ്യക്തമാക്കി. മൂല്യനിർണ്ണയ പ്ലാറ്റ്ഫോമിന്റെ സമഗ്രതയും സുരക്ഷയും ഉറപ്പാക്കാൻ ശക്തമായ സുരക്ഷാ ശക്തമായ സംവിധാനങ്ങൾ നിലവിലുണ്ടെന്നും ബോർഡ് അറിയിച്ചു.

❋❋❋❋❋❋❋❋❋❋❋❋❋

**QUAD**

ഇന്തോ-പസഫിക് മേഖലയിലെ സമുദ്ര നിരീക്ഷണം ശക്തമാക്കുന്നതിനായി 'ഇന്തോ-പസഫിക് മാരിടൈം സർവൈലൻസ് കൊളാബറേഷൻ' എന്ന സംയുക്ത സംരംഭത്തിന് ക്വാഡ് രാജ്യങ്ങൾ തുടക്കംകുറിച്ചു. ന്യൂഡൽഹിയിൽ നടന്ന ക്വാഡ് വിദേശകാര്യ മന്ത്രിമാരുടെ യോഗത്തിന് ശേഷം വിദേശകാര്യ മന്ത്രാലയം അഡീഷണൽ സെക്രട്ടറി കെ. നാഗരാജ് നായിഡുവാണ് ഇക്കാര്യം അറിയിച്ചത്. പഹൽഗാം ഭീകരാക്രമണമുൾപ്പെടെയുള്ള എല്ലാ തരത്തിലുമുള്ള ഭീകരവാദത്തെയും ക്വാഡ് മന്ത്രിമാർ ശക്തമായി അപലപിച്ചു. പശ്ചിമേഷ്യയിൽ ശാശ്വത സമാധാനം കൈവരിക്കാനുള്ള നയതന്ത്ര ശ്രമങ്ങൾക്ക് ക്വാഡ് പൂർണ്ണ പിന്തുണ പ്രഖ്യാപിച്ചു.

## JAISHANKAR- AUSTRALIA (INTRO)

ഇന്ത്യ-ഓസ്ട്രേലിയ ഉഭയകക്ഷി ബന്ധം കൂടുതൽ ശക്തമാക്കുന്നതിന്റെ ഭാഗമായി, 17-ാമത് വിദേശകാര്യ മന്ത്രിതല ചട്ടക്കൂട് സംഭാഷണം ന്യൂഡൽഹിയിൽ നടന്നു. വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കറും ഓസ്ട്രേലിയൻ വിദേശകാര്യ മന്ത്രി പെന്നി വോംഗും സംയുക്തമായാണ് ചർച്ചകൾക്ക് നേതൃത്വം നൽകിയത്. നിർണ്ണായക ധാതുക്കളുടെ ലഭ്യതയും വിതരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിലും ഇരുരാജ്യങ്ങളും സംയുക്തമായി പ്രവർത്തിക്കുന്നുണ്ടെന്ന് ശ്രീ ജയ്ശങ്കർ വ്യക്തമാക്കി. (വോയ്സ്)

## PM-AJAY PORTAL AND AJAY MOBILE APP

പട്ടികജാതി ക്ഷേമ പദ്ധതികളുടെ ഡിജിറ്റൈസേഷനും കാര്യക്ഷമമായ നിർവ്വഹണവും ലക്ഷ്യമിട്ട് തയ്യാറാക്കിയ PM-AJAY പോർട്ടലും AJAY മൊബൈൽ ആപ്പും സാമൂഹിക നീതി-ശാക്തീകരണ മന്ത്രി വീരേന്ദ്ര കുമാർ ഉദ്ഘാടനം ചെയ്തു. കടലാസ്സ് അധിഷ്ഠിത പ്രവർത്തനരീതിയിൽ നിന്ന് പൂർണമായും ഡിജിറ്റൽ, സംവിധാനത്തിലേക്കുള്ള മാറ്റത്തിന് പോർട്ടലും ആപ്പുംവഴിയൊരുക്കും. ഗ്രാമതല ആസൂത്രണം,അടിസ്ഥാന തല നിരീക്ഷണം, ജിയോ-ടാഗിംഗ്, മൊബൈൽ പരിശോധനകൾ, തത്സമയ

വിവരവിനിമയം എന്നിവ കൂടുതൽ കാര്യക്ഷമമാക്കുകയാണ് PM-AJAY മൊബൈൽ ആപ്പിന്റെ പ്രധാന ലക്ഷ്യം.

**PRESIDENT -SIKKIM**

മൂന്ന് ദിവസത്തെ സന്ദർശനത്തിനായി രാഷ്ട്രപതി ദ്രൗപതി മുർമു സിക്കിമിലെത്തി. ഇന്ന് നാഥുല പാസ് സന്ദർശിക്കുന്ന രാഷ്ട്രപതി സിക്കിം സർവകലാശാലയുടെ ബിരുദദാന ചടങ്ങിലും പങ്കെടുക്കും. ഇന്നലെ നംഗ്യാൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടിബറ്റോളജിയും ഓർക്കിഡേറിയവും രാഷ്ട്രപതി സന്ദർശിച്ചു.

**PIB- FACTCHECK**

ഇ-ചലാൻ " നോട്ടീസുകൾ എന്ന് അവകാശപ്പെടുന്ന വ്യാജ വാട്ട്സ്ആപ്പ് സന്ദേശങ്ങൾ ശ്രദ്ധയിൽപ്പെട്ടതായി PIB-FactCheck വിഭാഗം അറിയിച്ചു. വ്യാജ പേയ്മെന്റ് ലിങ്കുകളിലൂടെ വാഹനങ്ങൾ ഗതാഗത നിയമലംഘനത്തിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും ട്രാഫിക് ചലാൻ തീർപ്പുകൽപ്പിച്ചിട്ടില്ലെന്നും അവകാശപ്പെടുന്ന സന്ദേശം വ്യാജമാണെന്നും അത്തരം അജ്ഞാതമോ സംശയാസ്പദമോ ആയ ലിങ്കുകളിൽ ക്ലിക്ക് ചെയ്യരുതെന്നും സർക്കാർ അറിയിച്ചു.

**MANN KI BAAT**

പ്രധാനമന്ത്രി നരേന്ദ്ര മോദി ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്ത്' ഈ മാസം 31-ന്. പരിപാടിയിലേക്കുള്ള ആശയങ്ങളും അഭിപ്രായങ്ങളും 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലൂടെയോ, നമോ ആപ്പിലൂടേയോ, My gov ഓപ്പൺ ഫോറത്തിലൂടെയോ ഈ മാസം 29 വരെ സമർപ്പിക്കാം.

## CM- AMIT SHAH

മുഖ്യമന്ത്രി വി ഡി സതീശൻ ഇന്ന് ആഭ്യന്തര മന്ത്രി അമിത് ഷായുമായി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തും. ഇന്നലെ മുഖ്യമന്ത്രി പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായും ധനമന്ത്രി നിർമലാ സീതാരാമനുമായും കൂടിക്കാഴ്ച നടത്തിയിരുന്നു. സംസ്ഥാനം നേരിടുന്ന സാമ്പത്തിക പ്രതിസന്ധിയെക്കുറിച്ച് പ്രധാനമന്ത്രിയെയും ധനമന്ത്രിയെയും ധരിപ്പിച്ച് മുഖ്യമന്ത്രി സംസ്ഥാനത്തിന്റെ വികസനത്തിന് കേന്ദ്ര സഹകരണം തേടി. ദേശീയപാതാ വികസനത്തിനായി ഭൂമിയേറ്റെടുക്കുന്നതിന് നൽകിയ തുക കടമെടുപ്പു പരിധിയിൽനിന്ന് ഒഴിവാക്കണമെന്ന ആവശ്യവും ഉന്നയിച്ചു.

## KERALA SWELL SURGE (INTRO)

കേരളത്തിൽ തെക്കുപടിഞ്ഞാറൻ കാലവർഷം ഒന്നോ രണ്ടോ ദിവസം കൂടി വൈകാൻ സാധ്യത. കാലവർഷം ചൊവ്വാഴ്ച എത്തുമെന്നായിരുന്നു നേരത്തെ പ്രതീക്ഷിച്ചിരുന്നത്.

അതേസമയം കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി സംസ്ഥാനത്തിന്റെ തീരപ്രദേശങ്ങളിൽ പലയിടത്തും ഇന്ന് കടലാക്രമണത്തിന് സാധ്യതയുണ്ടെന്ന് ദേശീയ സമുദ്ര സ്ഥിത പഠന ഗവേഷണ കേന്ദ്രം അറിയിച്ചു. തമിഴ്നാട്, കന്യാകുമാരി, ശ്രീലങ്കൻ തീരങ്ങളിലും ഗൾഫ് ഓഫ് മാന്നാർ, ബംഗാൾ ഉൾക്കടൽ മേഖലകളിലും ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുള്ളതിനാൽ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

***കൂടുതൽ വിവരങ്ങളുമായി തിരുവനന്തപുരത്തു നിന്ന് ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി (വോയിസ്)***

❁❁❁❁❁❁❁❁❁❁❁❁❁

**RAIN-HIGHLEVEL MEETING**

സംസ്ഥാനത്ത് മഴക്കാല മുന്നൊരുക്കം സംബന്ധിച്ച ഉന്നതതല യോഗം ഇന്ന് ഓൺലൈനായി ചേരും. യോഗത്തിൽ മന്ത്രിമാരും ഉദ്യോഗസ്ഥരും കളക്ടർമാരും പങ്കെടുക്കും. വെള്ളപ്പൊക്ക പുനരധിവാസം, മഴക്കാലരോഗ പ്രതിരോധം, ശുചീകരണം തുടങ്ങിയ വിഷയങ്ങൾ ചർച്ചയാകും.

❁❁❁❁❁❁❁❁❁❁❁❁❁

**BAKRID**

സ്നേഹത്തിന്റെയും സാഹോദര്യത്തിൻ്റെയും ഓർമ്മകളുമായി ഇസ്ലാം മത വിശ്വാസികൾ നാളെ ബലിപെരുന്നാൾ ആഘോഷിക്കും. ബക്രീദ്, വലിയ പെരുന്നാൾ

എന്നീ പേരുകളിൽ അറിയപ്പെടുന്ന ബലി പെരുന്നാൾ സഹനത്തിന്റെ ഓർമ്മകളാണു വിശ്വാസികൾക്കു നൽകുന്നത്. ത്യാഗസ്മരണകളോടെയാണ് എല്ലാവരും ബലിപെരുന്നാൾ ആഘോഷിക്കുന്നത്. പ്രവാചകനായ ഇബ്രാഹിം നബി ആദ്യ പുത്രനെ അല്ലാഹുവിൻ്റെ കൽപന മാനിച്ച് ബലിയറുക്കാൻ ശ്രമിച്ചതിന്റെ ഓർമ്മപുതുക്കലാണ് വലിയ പെരുന്നാൾ.

❁❁❁❁❁❁❁❁❁❁❁❁❁

## IPL

ഐപിഎൽ ഒന്നാം ക്വാളിഫയർ മത്സരത്തിൽ ഗുജറാത്ത് ടൈറ്റൻസിനെ 92 റൺസിന് പരാജയപ്പെടുത്തി റോയൽ ചലഞ്ചേഴ്സ് ബംഗളൂരു ഫൈനലിൽ പ്രവേശിച്ചു. ആർസിബി ഉയർത്തിയ 255 റൺ വിജയലക്ഷ്യം പിന്തുടർന്ന ഗുജറാത്തിന് 19.3 ഓവറിൽ 162 റൺസെടുക്കുന്നതിനിടെയിൽ മുഴുവൻ വിക്കറ്റും നഷ്ടമായി. പരാജയപ്പെട്ടെങ്കിലും പോയിന്റ് പട്ടികയിൽ രണ്ടാമതുള്ള ഗുജറാത്തിന് ഫൈനലിൽ പ്രവേശിക്കാൻ ഒരു അവസരം കൂടി ലഭിക്കും. ഇന്ന് നടക്കുന്ന എലിമിനേറ്റർ മത്സരത്തിലെ വിജയിയുമായി 29ന് നടക്കുന്ന രണ്ടാം ക്വാളിഫയറിൽ ഗുജറാത്ത് ഏറ്റുമുട്ടും. ഇന്ന് സൺറൈസേഴ്സ് ഹൈദരാബാദും രാജസ്ഥാൻ റോയൽസും തമ്മിലാണ് പോരാട്ടം. ഈ മാസം 31നാണ് ഫൈനൽ.

❁❁❁❁❁❁❁❁❁❁❁❁❁
❁❁❁❁❁❁❁❁❁❁❁❁❁
❁❁❁❁❁❁❁❁❁❁❁
❁❁❁❁❁❁❁❁❁

बहुजनहिताय बहुजनसुखाय
आकाशवाणी